**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5403** **03-11-2021 - ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാത വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി ദെലീമ,<br>ശ്രീ എം മുകേഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ദേശീയ ജലപാതയുടെ വികസനത്തിന് കേന്ദ്ര ഫണ്ട് ലഭ്യമായിട്ടുണ്ടോ എന്നറിയിക്കുമോ; ഫണ്ട് ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദൂരവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുളള NW-3-Extension ആയ 160 കി.മീ. ദൂരവും വരുന്ന ദേശീയ ജലപാത കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഉൾനാടൻ ജലപാത വികസന അതോറിറ്റിയുടെ IWAI (Inland Waterways Authority of India)-യുടെ അധീനത യിലാണ്. ടി ഭാഗത്ത് വികസന പ്രവർത്ത നങ്ങൾ IWAI (Inland Waterways Authority of India)-യുടെ മേൽനോട്ടത്തിലാണ് നടന്ന് വരുന്നത്. ദേശീയ ജലപാതയുടെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ഭാഗത്തിന്റെ സമഗ്ര വികസനത്തിനായി വിശദമായ പദ്ധതി രേഖ (DPR) , IWAI (Inland Waterways Authority of India) തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. |
| (ബി) | ദേശീയ ജലപാത വികസന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദൂരവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുളള NW-3-Extension ആയ 160 കി.മീ. ദൂരവും വരുന്ന ദേശീയ ജലപാത കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഉൾനാടൻ ജലപാത വികസന അതോറിറ്റിയുടെ IWAI (Inland Waterways Authority of India)-യുടെ അധീനത യിലാണ്. ടി ഭാഗത്ത് വികസന പ്രവർത്ത നങ്ങൾ IWAI (Inland Waterways Authority of India)-യുടെ മേൽനോട്ടത്തിലാണ് നടന്ന് വരുന്നത്. ദേശീയ ജലപാതയുടെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ഭാഗത്തിന്റെ സമഗ്ര വികസനത്തിനായി വിശദമായ പദ്ധതി രേഖ (DPR) , IWAI (Inland Waterways Authority of India) തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഉൾനാടൻ ജലഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഇതിന്റെ പ്രചരണത്തിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ? | (സി) | കോവളം മുതൽ കാസറഗോഡ് ബേക്കൽ വരെ 616 കി.മീ. ദൂരമുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം ദേശീയ ജലപാത (NW3) യായി പ്രഖ്യാപിച്ചിട്ടുള്ളതും നിലവിൽ ഇത് സഞ്ചാരയോഗ്യവുമാണ്. കോട്ടപ്പുറം മുതൽ വടക്കോട്ട് കോഴിക്കോട് ജില്ലയിലെ കല്ലായിപ്പുഴ വരെ ദേശീയ ജലപാതാ നിലവാരത്തിൽ (NW 3) extension ആയി പ്രഖ്യാപിച്ചിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗം സംസ്ഥാന ജലപാതാ നിലവാരത്തിൽ വികസിപ്പിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോഴിക്കോട് പട്ടണത്തിൽ കൂടി കടന്നു പോകുന്നതും ജലപാതാ വികസനത്തിന് തടസ്സമായിട്ടുള്ളതുമായ കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള കനോലി കനാൽ എന്നറിയപ്പെടുന്ന ഭാഗത്തെ വികസനത്തിനാവശ്യമായ സാമ്പത്തിക സഹായം കിഫ്ബിയിൽ നിന്ന് ലഭിക്കുന്നതിനായി ഒരു കൺസപ്റ്റ് നോട്ട് (ആശയ കുറിപ്പ്) KWIL തയ്യാറാക്കി വരുന്നു. വടകര – മാഹി കനാലിൽ ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നതോടൊപ്പം ആയതിന്റെ പൂർത്തീകരണത്തിലേയ്ക്ക് ആവശ്യമായ 75 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ഇതിലേയ്ക്കായി എട്ട് (8) പ്രവൃത്തികളിലേയ്ക്ക് 11 (1) വിജ്ഞാപനം ആവശ്യമുള്ളതിൽ ഏഴിനും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മാഹി - വളപട്ടണം ഭാഗത്തെ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ KWIL ന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് അലൈൻമെന്റ് മാറ്റേണ്ടതായി വന്നതിനാൽ പുതുക്കിയ DPR സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിരിക്കു കയാണ്. നീലേശ്വരം ബേക്കൽ ഭാഗത്തെ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് KWIL ന്റെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജലലഭ്യത വിലയിരുത്തുന്നതിനാവശ്യമായ വാട്ടർ ബാലൻസ് പഠനം നടന്നുവരുന്നു. ജലഗതാഗതപാതാ വികസനത്തിന്റെ പ്രാധാന്യം സംബന്ധിച്ച ബോധവത്കരണം പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീ കരണങ്ങളിൽകൂടിയും ഡോക്യുമെന്ററികൾ നിർമ്മിച്ച് ദൃശ്യമാധ്യമങ്ങളിൽകൂടിയും നടത്തി യിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ